<u>പതിനാലാം കേരള നിയമസഭ</u>

<u>പത്തൊൻപതാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം. 2866 — 13/03/2020 ൽ മറുപടിക്ക്

## <u>കോഴിക്കോട് ജില്ലയിലെ റീ സർവ്വേ നടപടി</u>

**<u>ചോദ്യം</u>**

**ശ്രീ.കെ. ദാസൻ**

**<u>മറുപടി</u>**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ റീ സർവ്വേ നടപടികളുടെ പുരോഗതി വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ കോഴിക്കോട്(39) താമരശ്ശേരി(20) കൊയിലാണ്ടി(31) വടകര(28) എന്നീ നാല് താലൂക്കുകളിലായി 118 വില്ലേജുകൾ ഉണ്ട്. കോഴിക്കോട് താലൂക്കിലെ ആകെയുള്ള 39 വില്ലേജുകളിലും, താമരശ്ശേരി താലൂക്കിലെ ആകെയുള്ള 20 വില്ലേജുകളിലും നാളിതുവരെ റീസർവ്വെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കൊയിലാണ്ടി താലൂക്കിലെ ആകെയുള്ള 31 വില്ലേജുകളിൽ 3 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള 28 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനം ആരംഭിച്ചിട്ടില്ല. വടകര താലൂക്കിൽ ആകെയുള്ള 28 വില്ലേജുകളിൽ 14 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ഒരു വില്ലേജിൽ ആകെ 7 ബ്ലോക്കുകൾ ഉള്ളതിൽ 4 ബ്ലോക്കുകളുടെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും, 3 ബ്ലോക്കുകളുടെ റീസർവ്വെ ജോലികൾ അന്തിമഘട്ടത്തിലുമാണ്. ബാക്കിയുള്ള 13 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (ബി) | ജില്ലയിലെ റീ സർവ്വേ നടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ ജില്ലയിലെ റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിലുള്ള ജീവനക്കാരെ വിവിധ താലൂക്കുകളിലെ LRM, സ്പെഷ്യൽ സർവ്വേ (കൊടിയത്തൂർ മിച്ച ഭൂമി സർവ്വേ, വഖഫ് ബോർഡ് സർവ്വേ, റോഡ് വികസനം) എന്നീ ജോലികൾക്കായി നിയോഗിക്കുന്നതിനാൽ കോഴിക്കോട് ജില്ലയിലെ റീസർവ്വെ ജോലികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയും എന്നത് കൃത്യമായി കണക്കാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കൂടുതൽ വേഗത്തിൽ റീ സർവ്വേ പൂർത്തീകരിക്കാൻ ജില്ലയിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിലും വേഗത്തിലും നടപ്പിലാക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യയായ CORS(Continuously Operating Reference Stations) നെറ്റ് വർക്ക് സ്ഥാപിക്കുന്നതിന് 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. CORS നെറ്റ് വർക്ക് സ്ഥാപിച്ച് സർവ്വേ ചെയ്യുന്നതിലൂടെ നിലവിലുള്ളതിനേക്കാൾ കൂടുതൽ വേഗത്തിൽ സർവ്വെ ചെയ്യുവാൻ സാധിക്കുന്നതാണ്. പ്രസ്തുത സംവിധാനം നടപ്പിലാക്കുമ്പോൾ കോഴിക്കോട് ജില്ലയിലെ റീസർവ്വേ പ്രവർത്തനവും വേഗത്തിലാക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ